# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4734 05.02.2014 ലെ മറുപടിക്ക്**

**പ്രവാസി മലയാളികളുടെ ബാങ്ക് നിക്ഷേപങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ ബാങ്കുകളിലുള്ള പ്രവാസി മലയാളികളുടെ നിക്ഷേപം സംബന്ധിച്ച് 2013-ലെ കണക്ക് ലഭ്യമാക്കുമോ; | (എ) കേരളത്തിലെ ബാങ്കുകളിലുള്ള പ്രവാസി നിക്ഷേപം സംബന്ധിച്ച് നോർക്ക വകുപ്പ് കണക്കെടുപ്പ് നടത്തിയിട്ടില്ല. സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ കണക്കുകൾ അനുസരിച്ച് 2013 മാർച്ച് വരെ കേരളത്തിലെ വാണിജ്യ ബാങ്കുകളിലെ പ്രവാസി നിക്ഷേപം 66189 കോടി രൂപയാണ്. |
| (ബി) ഇവരുടെ നിക്ഷേപത്തെ കേരളത്തിൽ തന്നെ പൂർണ്ണമായും പ്രയോജനപ്പെടുത്താനുതകുന്ന എന്തെങ്കിലും നിക്ഷേപപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) വാണിജ്യ ബാങ്കുകളിലെ നിക്ഷേപ-വായ്പാ അനുപാതം സംബന്ധിച്ച് പൊതുവായ പദ്ധതികൾ ആവിഷ്ക്കരിക്കാറുണ്ട്. പ്രവാസി നിക്ഷേപം മാത്രമായി കണക്കിലെടുത്ത് പ്രത്യേകമായ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടില്ല. പ്രവാസികളുടെ നിക്ഷേപം പ്രയോജനപ്പെടുത്താനുതകുന്ന ഒരു നിക്ഷേപനിധിക്ക് രൂപം നൽകുന്നതിന് 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നിധിയിലേയ്ക്ക് വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന അവസരത്തിൽ തന്നെ പ്രവാസികൾക്ക് വിഹിതം നിക്ഷേപിക്കാം. KSFE യാണ് ഈ |

| | |
|---|---|
| | നിധിയ്ക്ക് രൂപം നൽകുന്നത്. ഇതിൽ അംഗത്വമെടുക്കുന്ന പ്രവാസികൾ തിരികെയെത്തുമ്പോൾ **KSFE** അവരുടെ നിക്ഷേപത്തിൽ തുല്യമായ തുക 3% പലിശ ഇളവോടുകൂടി സംരംഭക പദ്ധതികൾക്കായി അധിക വായ്പ അനുവദിക്കുന്നതാണ്. ഈ സഞ്ചിത നിധി ഉപയോഗിച്ച് അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ കെട്ടിപ്പടുക്കുവാൻ ആവശ്യമായ സാങ്കേതിക മാനേജ്മെന്റ് സഹായം നൽകുന്നതിനും പദ്ധതി വ്യവസ്ഥ ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**